കുടിലുകൾ നഷ്ടപ്പെട്ട കുടുംബങ്ങൾ

656 [619] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പാങ്ങോട് പഞ്ചായത്തിൽ വീടു കെട്ടിക്കൊടുക്കാമെന്നു പറഞ്ഞ് ഉള്ള കുടിലുകൾ പൊളിച്ചുകളഞ്ഞതുമൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഇതിനുത്തരവാദി ആരെല്ലാമാണ്;

(സി) ഇവരുടെപേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഇവർക്ക് പകരം വീടുവച്ചുകൊടുക്കുന്ന പരിപാടി ഏതു ഘട്ടത്തിലാണ്?

ഉത്തരം

(എ) പാങ്ങോട് പഞ്ചായത്തിൽ ആർക്കും തന്നെ വീടുകെട്ടിക്കൊടുക്കാമെന്ന് ഗവൺമെൻറ് വാഗ്ദാനം നൽകിയിട്ടില്ല.

(ബി, സി) 'എ' വിഭാഗത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അർഹരായവർക്ക് എൻ. ആർ. ഇ. പി./ആർ. എൽ. ഇ. ജി. പി. പദ്ധതികളനുസരിച്ച് വീടുനിർമ്മിച്ചുകൊടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. മറ്റു പദ്ധതികളിലും ഇവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഷെൽട്ടർ കോർപ്പറേഷന്റെ രൂപീകരണം

657 [620] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകൾ മുഖേന ഭവനനിർമ്മാണ വായ്പകൾ വിതരണം ചെയ്യുന്നതിനുവേണ്ടി ഷെൽട്ടർ കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വായ്പാവിതരണം നടത്തുന്നതിന് നിലവിലുള്ള ഏർപ്പാടുകൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽനിന്നു പണം സ്വരൂപിക്കുകയും മറ്റും ചെയ്യുന്നതിന് ഒരു ഷെൽട്ടർ ബിൽഡിംഗ് ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്.

(ബി) സന്നദ്ധസംഘടനകൾ മുഖേനയുള്ള സ്വയംസഹായ ഭവനനിർമ്മാണ പദ്ധതിയിൽ വായ്പാവിതരണം ഹൗസിംഗ് ബോർഡ് നേരിട്ട് നടത്തുന്നു. സന്നദ്ധസംഘടനകളുടെതന്നെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ വായ്പാവിതരണം ജില്ലാ കളക്ടർമാർ മുഖേനയാണ് നടത്തുന്നത്. ഇതിൽ രണ്ടിലും സ്റ്റേജ് സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷം മാത്രമാണ് അടുത്ത ഗഡു വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly